# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2257 18.06.2013- ൽ മറുപടിക്ക്**

### ഉദുമ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ഉദുമ സ്പിന്നിംഗ് മിൽസിന്റെ പണി പൂർത്തിയാക്കി ട്രയൽ റൺ ചെയ്തിട്ട് എത്ര വർഷമായി എന്ന് അറിയിക്കാമോ; | (എ) | രണ്ട് വർഷം |
| (ബി) | ഈ സ്ഥാപനത്തിൽ ഉൽപ്പാദനം തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് അറിയിക്കാമോ ; | (ബി) | ഇല്ല. ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇതിനോടകം തന്നെ ഒരുക്കിയിട്ടുണ്ട്. എന്നാൽ മില്ലിലേയ്ക്കാവശ്യമായ തൊഴിലാളികളേയും ജീവനക്കാരേയും നിയമിക്കുവാൻ സാധിക്കാത്തതിനാൽ വ്യവസായ അടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. മില്ലിലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട നിരവധി കേസുകൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. ടി കേസ്സുകളിന്മേലുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ മില്ലിലേയ്ക്കാവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | തടസ്സങ്ങൾ നീക്കി ഉത്പാദനം ആരംഭിക്കാത്തത് കാരണം കോടിക്കണക്കിന് രൂപ ചെലവഴിച്ച് സ്ഥാപിച്ച ഈ സ്ഥാപനം നശിച്ചു പോകാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ ആയത് ഒഴിവാക്കുന്നതിലേക്കായി എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | സ്ഥാപനത്തിൽ സ്ഥാപിച്ചിരിക്കുന്ന യന്ത്രസാമഗ്രികൾ കേടുപാടുകൾ വരാതിരിക്കാനായി അത്യാവശ്യ മെയിന്റനൻസുകൾ നടത്തുന്നുണ്ട്. കൂടാതെ തടസ്സങ്ങൾ നീക്കി സ്ഥാപനം താമസം കൂടാതെ തുറന്ന് പ്രവൃത്തിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ